പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 3618 | 14/03/2017 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**ഭക്ഷ്യ പദാർത്ഥങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും സ്ഥാപനങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്തുന്നതിനും നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.എസ്.ശിവകുമാർ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തിച്ചേരുന്ന ഭക്ഷ്യപദാർത്ഥങ്ങൾ,പഴങ്ങൾ, പച്ചക്കറികൾ എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് ഭക്ഷ്യസുരക്ഷാ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ; | എ) | അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തിച്ചേരുന്ന ഭക്ഷ്യപദാർത്ഥങ്ങൾ, പച്ചക്കറികൾ എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ചെക്ക്പോസ്റ്റുകളിൽ കൂടി കടന്നു വരുന്ന വാഹനങ്ങളിൽ നിന്നും കേരളത്തിലെ മാർക്കറ്റുകളിൽ നിന്നും ഭക്ഷ്യസുരക്ഷാഉദ്യോഗസ്ഥന്മാരുടെ സഹായത്താൽ സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ ലാബുകളിൽ അയച്ച് പരിശോധിപ്പിക്കാറുണ്ട്. ഈ പരിശോധനകളിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്നവരുടെ മേൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന രീതിയിലുള്ള നിയമ നടപടികൾ സ്വീകരിക്കാറുണ്ട്.ഇതുകൂടാതെ പാൽ, പാലുല്പ്പന്നങ്ങൾ എന്നിവ ചെക്ക് പോസ്റ്റുകളിൽ വച്ച് പരിശോധിക്കുന്നതിന് തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കി രണ്ട് മൊബൈൽ ടെസ്റ്റിംഗ് ലാബുകളും പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ ആസ്ഥാനമാക്കി മൂന്ന് മൊബൈൽ വിജിലൻസ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്..<br>ഭക്ഷ്യസുരക്ഷാ നിയമം ഫലപ്രദമായിനടപ്പിലാക്കിയതിനു ശേഷം 295 കേസ്സുകളിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി അനുവാദം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | 2011- ലെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം സംസ്ഥാനത്തെ തട്ടുകട മുതൽ ഫൈവ്സ്റ്റാർ ഹോട്ടൽ വരെയുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതുവരെ എത്ര സ്ഥാപനങ്ങൾക്ക് ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | ബി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫുഡ് ലൈസൻസിംഗ് ആന്റ് രജിസ്ട്രേഷൻ (ഓൺലൈൻ) റിപ്പോർട്ട് പ്രകാരം 09/03/2017 വരെ 31542 ലൈസൻസും 117080 രജിസ്ട്രേഷനും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ